സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# താളിയോല ഗ്രന്ഥങ്ങളിലെ നാട്ടുചികിത്സാ വിധികൾ



**ഡോ. ലാലു എസ്. കുറുപ്പ് ***

**സംഗ്രഹം**

മാനവരാശിയുടെ ഏറ്റവും മഹത്തായ ധനം അവനവന്റെ ആരോഗ്യമാണ്. ആരോഗ്യസംരക്ഷണത്തിനും രോഗങ്ങളെ തടയുന്നതിനുമായി നിരവധി ചികിത്സാവിധികൾ ഉണ്ട്. ആയുർവേദം, സിദ്ധം, യുനാനി, അലോപ്പതി തുടങ്ങിയ ചികിത്സാപദ്ധതികൾ ആരോഗ്യസംരക്ഷണത്തിനായി ജനം ആശ്രയിക്കുന്നു. ഇവയിൽനിന്നും വ്യത്യസ്തമായി വൈദ്യൻ എന്ന ഇടനിലക്കാരനില്ലാതെ പ്രകൃതിയുമായി നേരിട്ടടുക്കുന്ന നാട്ടുവൈദ്യം എക്കാലവും എല്ലായിടത്തും നിലനിന്നിരുന്നു. തലമുറകൾ തലമുറകളിലേക്ക് കർണാകർണികയാ പകർന്നുനൽകിയ ഇത്തരം അമൂല്യസമ്പത്തുകൾ മാനവരാശിയുടെ നിലനിൽപ്പിന്റെ മൂലാധാരങ്ങളാണ്. നാട്ടുചികിത്സകളിൽ ഏറിയപങ്കും വാമൊഴിയായി പ്രചരിച്ചുവെങ്കിലും അവയിൽ ഒരു ചെറിയ വിഭാഗമെങ്കിലും ആലേഖനം ചെയ്ത് സൂക്ഷിക്കാനുള്ള ജാഗ്രത പൂർവ്വികർ പുലർത്തിയിരുന്നു. ഇത്തരത്തിൽ താളിയോലകളിൽ വിരചിതമായ പാഠങ്ങൾ വിശകലനം ചെയ്തുകൊണ്ട് അവയിലുള്ള നാട്ടുചികിത്സാവിധികളുടെ സവിശേഷതകളാണ് ഈ പ്രബന്ധത്തിലുള്ളത്.

**താക്കോൽവാക്കുകൾ:** താളിയോല, നാട്ടുചികിത്സ, നാട്ടുമരുന്ന്

താൻ സ്വായത്തമാക്കിയ അറിവുകൾ വരുംതലമുറയ്ക്ക് പകർന്നുനൽകുന്നതിൽ നമ്മുടെ പൂർവികർ ദത്തശ്രദ്ധരായിരുന്നു. വാമൊഴിയിലൂടെ കൈമാറ്റംചെയ്യപ്പെട്ടിരുന്ന ഇത്തരം അറിവുകൾ ലിപിയുടെ ആവിർഭാവത്തോടെ രേഖപ്പെടുത്തിവയ്ക്കാൻ  തുടങ്ങി. ശിലാഖണ്ഡം, കളിമൺപ്രതലം, ലോഹത്തകിട്, എല്ലിൻകഷണം, മൃഗചർമ്മം, താളിയോല എന്നിങ്ങനെ തന്റെ ചുറ്റുംകണ്ട വസ്തുക്കളിലെല്ലാം പൂർവ്വികരുടെ മനവും മിഴിയും കരവും പതിഞ്ഞു. ലഭ്യത, തയ്യാർചെയ്യുന്നതിലെ ആയാസരാഹിത്യം, കൂടെക്കരുതുന്നതിനുള്ള സൗകര്യം എന്നിവയാൽ ആലേഖനമാധ്യമങ്ങളിൽ അഗ്രിമസ്ഥാനം താളിയോലകൾക്ക് ലഭിച്ചു. സാഹിത്യകൃതികൾക്ക് പുറമെ വാസ്തു, ജ്യോതിഷം, കളരിവിദ്യ, മന്ത്രങ്ങൾ, ആയുർവേദ-സിദ്ധ ചികിത്സാ ക്രമങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങൾ താളിയോലഗ്രന്ഥങ്ങളിൽ പ്രമേയമായി വരുന്നുണ്ട്. ഇക്കൂട്ടത്തിൽ നാട്ടുചികിത്സാവിധികൾ വിവരിക്കുന്നവയും അപൂർവ്വമായിട്ടുണ്ട്. അത്തരം രചനകളിലുള്ള നാട്ടുചികിത്സാരീതികളുടെ സവിശേഷതകളാണ് ഇവിടെ പഠനവിധേയമാകുന്നത്.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, മന്നം മെമ്മോറിയൽ എൻ.എസ്.എസ്. കോളേജ് കൊട്ടിയം, കൊല്ലം ജില്ല, ഫോൺ: 9497671721, Email: lalusmudra@gmail.com

 ISSN No: 3049-0316 

## ഗ്രന്ഥവിവരണം

കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ ഗ്രന്ഥശേഖരത്തിലുള്ള ആറ് കയ്യെഴുത്ത് പകർപ്പുകളാണ് ഈ പഠനത്തിന് ആധാരമായി സ്വീകരിച്ചിട്ടുള്ളത്. ഗ്രന്ഥം നമ്പർ -21202B, 21198-E, 21202-C, 10955-C, 5791-B, 10985-E എന്നിങ്ങനെ സംരക്ഷിച്ചിട്ടുള്ള താളിയോല ഗ്രന്ഥങ്ങളാണിവ. ഇവയിൽ ആദ്യത്തെ അഞ്ച് രചനകളിലും കർത്താവ്, കാലം എന്നിവയൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. 10985-E നമ്പരിൽ സംരക്ഷിച്ചിരിക്കുന്ന ഗ്രന്ഥത്തിന്റെ അവസാനഭാഗത്തുള്ള കൊളോഫോണിൽ [1]

"രാമദാസകൃതം വികൃതിവിജ്ഞാന സംക്ഷേപം
ഭാഷാമിശ്രം സമാപ്തം"

എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും രാമദാസനാൽ വിരചിതമായ ഭാഷാമിശ്രമായ വികൃതി വിജ്ഞാനസംക്ഷേപം എന്ന കൃതിയാണിതെന്ന് മനസ്സിലാക്കാൻ കഴിയുന്നു. എന്നാൽ രചനാകാലത്തെക്കുറിച്ച് പ്രസ്തുതകൃതിയും പ്രത്യേക സൂചനയൊന്നും നൽകുന്നില്ല. രോഗലക്ഷണങ്ങൾ വച്ചുകൊണ്ട് മരണദിനത്തിന്റെ പ്രവചനമാണ് ഈ രചനയിലുള്ളത്. ഇതര കയ്യെഴുത്തുപ്രതികളിൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും ആരോഗ്യസംരക്ഷണത്തിനുള്ള ഒറ്റമൂലികളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്.

ആരോഗ്യത്തിന് ഏതെങ്കിലും വിധത്തിലുള്ള ഹാനിസംഭവിക്കുമ്പോഴാണ് മനുഷ്യർ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ തേടുന്നത്. ഇത്തരം ആരോഗ്യസംരക്ഷണോപാധികൾ ജനജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക ചികിത്സാപദ്ധതികളുടെ ഉദയത്തിനും വളരെമുൻപ് നമ്മുടെ നാട്ടിൽ നാട്ടുവൈദ്യം നിലനിന്നിരുന്നു. വൈദ്യൻ എന്ന ഇടനിലയില്ലാതെ സ്വയം ചികിത്സയ്ക്കുള്ള സൗകര്യമാണ് നാട്ടുവൈദ്യം ഒരുക്കുന്നത്. പാർശ്വഫലങ്ങളില്ല എന്നത് ഇതിന്റെ മറ്റൊരു മേന്മയാണ്.

നാട്ടുചികിത്സാക്രമങ്ങൾ ഓരോ പ്രദേശത്തിന്റെയും ചുറ്റുപാടുകൾക്കനുസരിച്ച് വ്യത്യസ്തമാകുന്നു. തന്മൂലം ഒരേ അസുഖത്തിന് തന്നെ വ്യത്യസ്ത ചേരുവകളുള്ള വിവിധ മരുന്നുകൾ നാട്ടുവൈദ്യത്തിലുണ്ട്. ഉദാഹരണമായി അതിസാരം ഭേദമാകാനുള്ള ചികിത്സാരീതി പരിശോധിച്ചാൽ -21202B ഗ്രന്ഥത്തിൽ,

"കദളിവാഴപ്പൂവ് അരച്ച് പാലിൽ സേവിക്ക"[2] എന്നാണുള്ളത്. ഇതേ അസുഖത്തിന് -21198E നമ്പർ ഗ്രന്ഥത്തിൽ,

"ഉഴിഞ്ഞവേരമ്മിമേലരച്ച് മോരിൽ കലക്കി തേനും കൂട്ടി കുടിക്ക. അതിസാരശമനം" [3]

"അയമോദകം അരച്ച് മോരിൽ കലക്കിക്കുടിക്ക രണ്ടുനേരവും. അതിസാരശമനം". [4]

"കൊടകപ്പാല വേരിന്മേലെത്തൊലി തേനിലരച്ചു കുഴച്ചു തീറ്റുക" [5] എന്നിങ്ങനെയും, ഗ്രന്ഥം -21202C യിൽ,

"അയമോദകം വറുത്തുപൊടിച്ച് ശർക്കരകൂട്ടി ഗുളികയാക്കി തിൻക. അതിസാരം ശമിക്കും." [6]

"ഏഴപാവട്ട ഇല അരച്ച് എണ്ണയിൽ കുടിക്ക, അതിസാരമിളയ്ക്കും". [7] എന്നും കാണാം.

മരുന്നിന്റെ ചേരുവകൾക്കാവശ്യമായ പ്രാദേശികവിഭവങ്ങളുടെ ലഭ്യത, മരുന്ന് തയ്യാറാക്കുന്നതിനുവേണ്ട സമയം, മാനുഷികപ്രയത്നം, മരുന്ന് ഫലിക്കാനെടുക്കുന്ന സമയവ്യത്യാസം എന്നിവയാകാം ഇത്തരം വ്യത്യസ്ത ചേരുവകൾ ഉള്ള മരുന്ന് ഒരേ അസുഖത്തിനായി നിർദ്ദേശിക്കപ്പെടാൻ കാരണം.

നാട്ടുചികിത്സാവിധികൾ ജനകീയമാക്കുന്നതിൽ അവ തയ്യാർചെയ്യുന്നതിലെ ലാളിത്യം മുഖ്യകാരണമായി വർത്തിക്കുന്നു. എന്നുകരുതി നാട്ടുവൈദ്യത്തിലെ എല്ലാ മരുന്നുകളും എളുപ്പത്തിൽ തയ്യാറാക്കാമെന്നോ അവ സേവിക്കേണ്ട കാലദൈർഘ്യം കുറവാണെന്നോ ഇതർത്ഥമാക്കുന്നില്ല. സങ്കീർണതയും സമയദൈർഘ്യവുമുള്ള നിർമ്മാണപ്രക്രിയയിലൂടെ ലഭ്യമാകുന്ന അപൂർവ്വം ഔഷധങ്ങളും നാട്ടുവൈദ്യത്തിലുണ്ട്.

"കറുത്ത ആടലോടകത്തിൻ വേരുമ്മേത്തൊലി, പ്ലാശിൻപൂവും കുരുവും എള്ള്, കടുക്ക, ഒക്കെ കയ്യോന്നിനീറ്റിൽ ഏഴുവട്ടം അരച്ച് ഉണക്കി അത്രയും തേനും ചേർത്ത് ഭരണിയിൽവച്ച് ആറുമാസം സേവിക്ക.

വെളുത്ത തലമുടി കറുക്കും. ഒരാണ്ടു സേവിക്കിൽ ഒരുനാളും നരയാ." [8] എന്ന ചികിത്സാക്രമത്തിൽ രോഗാവസ്ഥ ഭേദമാകാൻ എടുക്കുന്ന കാലമാണ് ശ്രദ്ധയാകർഷിക്കുന്നതെങ്കിൽ,

"അരയാലില, പാലയില, വിഷ്ണുക്രാന്തി, പൂവാംകുറുന്തില, കറുക, കഞ്ഞുണ്ണി, ചിറ്റമൃത് ഇവ ഒപ്പംകൂട്ടി യിടിച്ചുപിഴിഞ്ഞ നീരിലെണ്ണവീത്തി കൽക്കത്തിന്ന് ത്രിഫല, എരട്ടിമതിരം, കൊട്ടം, ചന്ദനം, മാഞ്ചി, ഇരുവേലി ഇവ നാഴി എണ്ണയ്ക്കുരപ്പലം എണ്ണയോളം പാലുംകൂട്ടി കാച്ചി അരിച്ചു തേക്ക. പനി ശമിക്കും."[9] എന്നതിൽ മരുന്നിലെ ചേരുവകളുടെ വൈവിധ്യം, ആധിക്യം, അവ തയ്യാറാക്കുന്നതിലെ സൂക്ഷ്മത ഇവയെല്ലാം കൊണ്ടാണ് വ്യത്യസ്തമാകുന്നത്.

ഇതരചികിത്സാവിധികളിൽ നിന്നും നാട്ടുവൈദ്യത്തെ വ്യത്യസ്തമാക്കുന്നത് മരുന്നുകളുടെ ചേരുവകളാണ്. ഒന്നിൽ തുടങ്ങി ഒരായിരം വസ്തുക്കളുടെ മിശ്രിതമാണ് പല നാട്ടുമരുന്നുകളും. പുഷ്പങ്ങൾ, ഇല, പട്ട, വേര്, കായ് എന്നിവ പ്രത്യേകമായും സമൂലവും നാട്ടുമരുന്നുകളുടെ നിർമ്മാണത്തിന് ഉപയോഗിച്ചുകാണുന്നു. സസ്യങ്ങൾ, ജന്തുക്കൾ, ജലജീവികൾ, പറവകൾ എന്നിവയെ കഷായം വച്ചും ചുട്ടും പുഴുങ്ങിയും വാട്ടിയും ഉണക്കിയും അരച്ചും ചതച്ചും നീരെടുത്തും രോഗിക്കുനൽകുന്ന വിപുലമായ സമ്പ്രദായം നാട്ടുമരുന്നുകളുടെ കാര്യത്തിൽ പൂർവികർ അനുവർത്തിച്ച് വന്നതായി കാണാം.

നാട്ടുവൈദ്യത്തിൽ, വിവിധരീതികളിൽ തയ്യാർചെയ്യുന്ന മരുന്നുകൾ രോഗിക്കു നൽകുന്നതിന് അവലംബിക്കുന്ന മാർഗ്ഗങ്ങളും പലതാണ്. പൊടിച്ചും കുഴമ്പുരൂപത്തിലും ദ്രാവകരൂപത്തിലും ലേഹ്യമായും തയ്യാറാക്കിയ മരുന്നുകൾ ഉള്ളിൽ കഴിക്കുന്നതിനൊപ്പം ലേപനംചെയ്തും നസ്യംചെയ്തും ധാരകഴിച്ചും പുകച്ചും പ്രയോഗിക്കാറുണ്ട്. ഇത്തരം ധാരാളം സന്ദർഭങ്ങൾ ഇവിടെ പഠനവിധേയമാക്കിയ ഗ്രന്ഥങ്ങളിൽ ഉണ്ട്. എക്കിട്ടത്തിനുള്ള ചികിത്സാക്രമം വിവരിക്കുന്നിടത്ത് "ചെഞ്ചലിയം, കായം, ഗുൽഗുലു, പശുവിൻകൊമ്പ്, ഇരുവേലി, കൊട്ടം, കുശ അകിൽ ഇവ നെയ്യിൽ നനച്ചു മണപ്പിക്ക."[10] എന്നാണുള്ളത്. വാതത്തിന്റെ ചികിത്സയാകട്ടെ, "എലഞ്ഞിക്കുരുവിന്റെ അകത്തെക്കുരു മുലപ്പാലിൽ അരച്ച് മൂക്കിൽ നസ്യം ചെയ്ക"[11] എന്ന് കാണുന്നു. കഠിനമായ ചൂടിൽ ജോലിചെയ്യുന്നവർക്ക് മുൻകരുതലെന്ന നിലയിൽ പൊള്ളാതിരിക്കാനുള്ള മരുന്നിനെപ്പറ്റി -21202B നമ്പർഗ്രന്ഥത്തിൽ, "..........നൂറുകലക്കി തെളിഞ്ഞവെള്ളം ഊറ്റി എടുത്ത് അതിൽ എണ്ണ ഒഴിച്ചുകൊണ്ട് ധാര ഇട്ടാൽ പൊള്ളുക ഇല്ല."[12] എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

നാട്ടുചികിത്സാവിധികൾ തികച്ചും ജനകീയമെന്ന് അവകാശപ്പെടാമെങ്കിലും അവ എല്ലായ്പ്പോഴും അത്തരം ജനകീയസ്വഭാവം കൈക്കൊള്ളുന്നില്ല എന്ന് പറയേണ്ടി വരും. -21202B നമ്പർ താളിയോലഗ്രന്ഥത്തിൽ വായുവിനും ചുമയ്ക്കുമുള്ള ചികിത്സവിധിക്കുന്ന സന്ദർഭം ഇതിന് ദൃഷ്ടാന്തമാണ്. "കൃഷ്ണത്തൊളസിവേര് പ്രദക്ഷിണംവച്ചു വടക്കോട്ടു തിരിഞ്ഞുനിന്ന് പറിച്ച്, പുത്തരിച്ചുണ്ടവേരും പറിച്ച് അരച്ചു നാടൻപുഴവും കൂട്ടി മൂന്നു പ്ലാവിലകൂട്ടി അടുക്കി അതിൽവെച്ച്, പച്ചീർക്കിലുകൊണ്ടു കുത്തി തീക്കനലിന്റെ മീതെ കാച്ചി, അകത്തെ പ്ലാവില കരിഞ്ഞുതുടങ്ങുമ്പോൾ എടുത്ത് ഗുളിക ആക്കിവച്ച് ചീരകവെള്ളത്തിൽ വായുവിന്, ഇഞ്ചിനീരിൽ ചുമയ്ക്കും പനിക്കും."[13] എന്നവസാനിക്കുന്ന ഭാഗം "ഇത് ഗോപ്യം"എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്. ഇതേ ഗ്രന്ഥത്തിൽ വാതശൂലയ്ക്കുള്ള മരുന്നിന്റെ ചേരുവയും നിർമ്മാണവും പ്രതിപാദിക്കുന്ന ഭാഗത്തും 'ഗോപ്യമെന്ന്' രേഖപ്പെടുത്തിക്കാണുന്നു.[14] ഗ്രന്ഥം നമ്പർ -21202C ആയി സംരക്ഷി ച്ചിട്ടുള്ള കയ്യെഴുത്തുപ്രതിയിൽ പനിക്കും ദാഹത്തിനുമുള്ള പ്രതിവിധി നിർദ്ദേശിക്കുന്ന ഭാഗം അവസാനിക്കുന്നതു ".....എത്രയും രഹസ്യം" എന്നാണ്.[15] ഏറ്റവും വിവേകത്തോടെ മനമറിഞ്ഞ് അറിവുപകർന്നിരുന്നവരായിരുന്നു നമ്മുടെ പൂർവ്വികരെന്ന് പ്രസ്തുത ഭാഗങ്ങൾ തെളിവുനൽകുന്നു.

നാട്ടുചികിത്സയിലെ ചില പ്രത്യേക ഇനങ്ങൾ ഏതാനും വ്യക്തികളിലും കുടുംബങ്ങളിലുമായി സംരക്ഷിക്കപ്പെട്ടിരുന്നു. നാട്ടുവൈദ്യത്തിന് ഈ ഒരുതലം നൽകുന്നതിൽ പ്രധാനപങ്ക് വഹിച്ചത് അവയോട് ബന്ധപ്പെട്ട് നിന്നിരുന്ന മന്ത്രങ്ങളായിരുന്നു വെള്ളംഓതുക, കൊതിയകറ്റുക, ഉളുക്കുമാറ്റുക തുടങ്ങി മന്ത്രത്തോ ടൊപ്പം ചെയ്യുന്ന ചികിത്സകൾ നാട്ടുവൈദ്യത്തിന്റെ മാത്രം പ്രത്യേകതയാണ്. -21198E നമ്പർ താളിയോല ഗ്രന്ഥത്തിൽ മന്ത്രം ഉപയോഗിച്ച് ചെയ്യുന്ന ഇത്തരം നിരവധി ചികിത്സാരീതികൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണാം. നാടോടിവൈദ്യത്തിൽ മരുന്നുകളുടെ പ്രയോഗവിജയത്തിന് മുഖ്യഹേതു വിശ്വാസമാണ്. ഇത്തരം വിശ്വാസങ്ങളാൽ സമ്പന്നമായിരുന്നു നാട്ടുചികിത്സ.

നാട്ടുവൈദ്യത്തിൽ മരുന്നുകളുടെ ഫലപ്രാപ്തി നിർണയിക്കുന്നതിൽ പ്രധാനപ്പെട്ടവയാണ് അവയുടെ അളവും തൂക്കവും മരുന്നുകഴിക്കുന്ന സമയവും. പ്രാചീനകാലത്തെ അളവുതൂക്കങ്ങളെക്കുറിച്ച് കൃത്യമായ ധാരണ

 ISSN No: 3049-0316 

ഉണ്ടെങ്കിൽ മാത്രമെ നാട്ടുചികിത്സ ഫലപ്രദമായി പ്രയോഗിച്ച് രോഗശമനം കൈവരിക്കാൻ കഴിയുകയുള്ളൂ. കുറ്, പലം, പണത്തൂക്കം, കഴഞ്ച്, ഉഴക്ക്, ആഴക്ക്, ഉരിയ, കുത്ത്, തുടം, നാഴിക, വിനാഴിക തുടങ്ങി അളവ്, തൂക്കം, സമയം എന്നിവയെക്കുറിക്കുന്ന പരാമർശമുള്ള ധാരാളം സന്ദർഭങ്ങൾ ഈ ഗ്രന്ഥങ്ങളിൽ ഉണ്ട്.

അനുഷ്ഠാനവിശുദ്ധിയോടെ സംരക്ഷിക്കപ്പെടുന്ന പരിസ്ഥിതിയും അതിനെ ഉപയോഗപ്പെടുത്തുന്ന ചൂഷണമില്ലാത്ത മനഃശാസ്ത്രവും എല്ലാക്കാലത്തും നാടോടി വൈദ്യ ത്തിന്റെ ശക്തിയും സൗന്ദര്യവും ആയിരുന്നു. മിതവ്യയവും ലാളിത്യവും ഒത്തുചേർന്ന പാർശ്വഫലങ്ങളില്ലാത്ത അത്യാവശ്യസന്ദർഭങ്ങളിൽ മാത്രം പഥ്യം[16] നിഷ്കർഷിക്കുന്ന ആരോഗ്യസംരക്ഷണ മാർഗ്ഗംകൂടിയാണ് നാട്ടുവൈദ്യം. മനുഷ്യർക്കെന്നപോലെ മൃഗങ്ങൾക്കും പറവകൾക്കുമുള്ള ചികിത്സാവിധികൾ നാട്ടുവൈദ്യത്തിലുണ്ട്. വൈദ്യന്റെ സാന്നിധ്യമില്ലായ്മ ഈ ചികിത്സാരീതിയുടെ പ്രത്യേകതയായതുകൊണ്ടു തന്നെ പാരമ്പര്യമായ അറിവായിരിക്കും ഇവിടെ തുണയായി വർത്തിക്കുന്നത്. ഇത്തരം അറിവുകൾ ഗദ്യരൂപ ത്തിലും പദ്യരൂപത്തിലും കൈമാറ്റം ചെയ്യപ്പെട്ടിരുന്നു എന്നതിന് ഇവിടെ പഠനവിധേയമാക്കിയ ഗ്രന്ഥങ്ങൾ ദൃഷ്ടാന്തമാണ്. [17]

## ഉപസംഹാരം

നാട്ടുമരുന്നിന്റെ പ്രായോഗവിധികൾ ഏറെ വിപുലമാണ്. ഭക്ഷണം മുതൽ ചികിത്സവരെ നീളുന്ന വൈവിധ്യമാർന്ന പ്രയോഗവിധിയാണ് നാട്ടുവൈദ്യത്തിനുള്ളത്. ഇടനിലക്കാരനില്ലാത്ത, പരിസ്ഥിതിക്കൊത്ത, പാർശ്വഫലങ്ങളില്ലാത്ത ചികിത്സയെന്ന പ്രത്യേകതയും ഇതിന്റെ നേട്ടമാണ്. പരിസ്ഥിതിസംരക്ഷണം, സാമ്പത്തികലാഭം എന്നിവയും ഇതുമൂലമുണ്ടാകുന്നു. വിസ്മൃതിയിൽ ആണ്ടുപൊയ്ക്കൊണ്ടിരിക്കുന്ന നാട്ടു ചികിത്സാവിധികൾ തേടിപ്പിടിക്കാനുള്ള ശ്രമങ്ങൾ വിരളമായി മാത്രമേ നടന്നുകാണുന്നുള്ളൂ. പൂർവ്വികർ തങ്ങളുടെ മനസ്സുകളിൽ മന്ത്രവിശുദ്ധിയോടെ മനനംചെയ്ത് ഉറപ്പിച്ചിരുന്ന നാട്ടുചികിത്സാക്രമങ്ങൾ വ്യക്തിയുടെ മരണത്തോടെ സ്വാഭാവികമായും ഇല്ലാതാകുന്നു. വളരെ അപൂർവ്വമായി മാത്രം ഇവ താളിയോലകളിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്. എന്നാൽ പലവിധ രചനകളുടെ ഇടയിൽ കോർത്തുകെട്ടി ശേഖരിച്ചിരിക്കുന്ന ഇത്തരം അറിവുകൾ വിവിധകാരണങ്ങളാൽ പുതുതലമുറയുടെ ശ്രദ്ധയ്ക്ക് പാത്രീഭവിക്കുന്നില്ല. ഗവേഷകന്റെ അന്വേഷണത്വര, ക്ഷമ, പ്രാചീനലിപി വൈദഗ്ധ്യം, ഗ്രന്ഥ ഉടമകളുടെ വിശാലമനസ്കത എന്നിവ ഒത്തുചേർന്നെങ്കിൽ മാത്രമേ താളിയോലകളിൽ ആലേഖനം ചെയ്യപ്പെട്ട ഇത്തരം അറിവുകൾ പൊതുജനങ്ങളിൽ എത്തുകയുള്ളൂ.

## കുറിപ്പുകൾ

1. ഒരു ഗ്രന്ഥത്തിന്റെ ആരംഭഭാഗത്തോ അവസാനഭാഗത്തോ കാണപ്പെടുന്ന വിവരണക്കുറിപ്പുകളാണ് കൊളോഫോൺ. ഒരു കൃതിയുടെ ഒരു പ്രത്യേക വിഭാഗത്തിന്റെ തുടക്കമോ രചനയുടെ മൊത്തത്തിലുള്ള ആരംഭമോ അവയുടെ സമാപ്തിയോ സൂചിപ്പിക്കുന്ന ഈ ഭാഗം. മിക്ക കൃതികളിലും അധ്യായനമ്പർ സഹിതം അവസാനഭാഗത്ത് രേഖപ്പെടുത്തുക സാധാരണമാണ്. ഇവയ്ക്കു പുറമെ ഗ്രന്ഥകാരൻ, പകർപ്പെഴുത്തുകാരൻ, എഴുതിയകാലം തുടങ്ങിയവയും കൃതികളിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. ലേഖകന്മാർ എഴുതുന്നവയാകയാലും അവരെ തിരിച്ചറിയാനുള്ള അടയാളങ്ങളാകയാലും ഇത്തരം ഭാഗങ്ങൾ 'ലേഖകമുദ്രകൾ' എന്ന പേരിലും അറിയപ്പെടുന്നു. 'പുഷ്പിക' എന്നും ഇവ പരാമർശിച്ച് കാണുന്നുണ്ട്.
2. ഗ്രന്ഥം നമ്പർ 21202-B, പുറം 3.
3. ഗ്രന്ഥം നമ്പർ 21198-E, പുറം 4.
4. അതേഗ്രന്ഥം, പുറം 4.
5. അതേഗ്രന്ഥം, പുറം 5.
6. ഗ്രന്ഥം നമ്പർ 21202-C, പുറം 2.
7. അതേഗ്രന്ഥം, പുറം 2.
8. ഗ്രന്ഥം നമ്പർ 21202-C, പുറം 12.
9. ഗ്രന്ഥം നമ്പർ 21198-E, പുറം 3.
10. അതേഗ്രന്ഥം, പുറം 5.
11. ഗ്രന്ഥം നമ്പർ 21202-C, പുറം 11.
12. ഗ്രന്ഥം നമ്പർ 21202-B, പുറം 8.
13. അതേഗ്രന്ഥം, പുറം 5.
14. അതേഗ്രന്ഥം, പുറം 7.

15. ഗ്രന്ഥം നമ്പർ 21202- C, പുറം 10.
16. മരുന്നുകളുടെ പ്രവർത്തനഗുണം വീര്യപ്പെടുത്തുവാനും രോഗശമനം ത്വരിതപ്പെടുത്തുവാനുമാണ് പഥ്യം പാലിക്കുന്നത്. ഇതിനുവേണ്ടി ചില ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കിയും ചിലത് ആഹാരത്തിൽ ഉൾപ്പെടുത്തിയും കണ്ടുവരുന്നു. ജീവശക്തികളായ വാതം, പിത്തം, കഫം എന്നിവയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും പഥ്യം സഹായിക്കുന്നു.
17. ഗ്രന്ഥം നമ്പർ - 21202-B, പുറം - 9, 12, 13, 14
ഗ്രന്ഥം നമ്പർ - 21198 - E, പുറം 16, 17
ഗ്രന്ഥം നമ്പർ - 21202- C, പുറം – 9 എന്നീ ഭാഗങ്ങളിൽ പദ്യരൂപത്തിൽ ചികിത്സാവിധി കാണുന്നു.

## സഹായകഗ്രന്ഥങ്ങൾ

താളിയോല ഗ്രന്ഥം നമ്പർ - -21202B, 21198-E, 21202- C, -10955 C, -5791B, -10985E, തിരുവനന്തപുരം: ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി.

ലാലു എസ്. കുറുപ്പ്, എഴുത്തോല – മാനുസ്ക്രിപ്റ്റോളജി ഗവേഷണവും പഠനവും, കോട്ടയം: ദി ബുക്ക് ഡൈജസ്റ്റ് 2014.

പ്രാചീനകൈരളി, വാല്യം 26, ലക്കം 2&1, തിരുവനന്തപുരം: ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, 1992 ജനവരി-ഡിസംബർ.

Visalakshy p (Ed.) Some Aspects on Manuscriptology, Thiruvananthapuram: Oriental Research Institute and Manuscript, Library, 2008.

........., (Ed.), the Fundamentals of Manuscriptology, Thiruvananthapuram: Dravidian Linguistics Association, 2003.